സി.പി.എം കൊലപാതക രാഷ്ട്രീയം അവസാനിപ്പിക്കണം: ജി. സുബോധൻ

തിരുവനന്തപുരം: പെരിയ ഇരട്ടക്കൊലപാതകം സി.പി.എമ്മിന്റെ കൊലപാതക രാഷ്ട്രീയത്തെയാണ് വെളിപ്പെടുത്തുന്നതെന്ന് ഐ.എൻ.ടി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. ജി. സുബോധൻ പറഞ്ഞു. ജനമഹായാത്രയോടനുബന്ധിച്ച് കേരള ഫയർവർക്സ് ലൈസൻസീസ് എംപ്ലോയീസ് അസോസിയേഷൻ സ്റ്റേറ്റ് ഭാരവാഹികളുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനറൽ സെക്രട്ടറി പൂലിയൂർ ജി. പ്രകാശ് അദ്ധ്യക്ഷത വഹിച്ചു.

സ്കൂൾ ആക്രമിച്ച പൂർവ വിദ്യാർത്ഥി ഒരു വർഷത്തിന് ശേഷം പിടിയിൽ

■ കഞ്ചാവും മദ്യവും ഉപയോഗിക്കരുതെന്ന് അദ്ധ്യാപകർ വിലക്കിയതിന്റെ പ്രതികാരം

നെയ്യാറ്റിൻകര: കഞ്ചാവും മദ്യവും ഉപയോഗിക്കരുതെന്ന് അദ്ധ്യാപകർ വിലക്കിയ വിരോധം കാരണം സ്കൂൾ ആക്രമിക്കുകയും സി.പി.എമ്മിന്റെയും ബി.ജെ.പിയുടെയും കൊടിതോരണങ്ങൾ നശിപ്പിക്കുകയും ചെയ്ത പൂർവ വിദ്യാർത്ഥി ഒരു വർഷത്തിന് ശേഷം പൊലീസ് പിടിയിൽ.

സംഭവശേഷം ഒളിവിലായിരുന്ന ആങ്കോട് പാൽക്കുളങ്ങര ബുദ്ധൻചേരമനെയാണ്(20) മാരായമുട്ടം പൊലീസ് അറസ്റ്റുചെയ്തത്. 2017 ഒക്ടോബർ 8ന് രാത്രിയായിരുന്നു സംഭവം. മറ്റു പ്രതികളെ സംഭവത്തിനുശേഷം ഒരാഴ്ചക്കുള്ളിൽ അറസ്റ്റുചെയ്തിരുന്നു. ആനാവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ വാഹനവും കെട്ടിടങ്ങളും കൃഷിയും നശിപ്പിച്ച ശേഷം റോഡരികിൽ സ്ഥാപിച്ചിരുന്ന സി.പി.എമ്മിന്റെയും ബി.ജെ.പിയുടെയും

ബുദ്ധൻ ചേരമൻ

കൊടിമരങ്ങളും ബോർഡുകളും ഇവർ തകർത്തിരുന്നു. സി.പി.എം - ബി.ജെ.പി സംഘർഷമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആനാവൂർ മുതൽ കുന്നത്തുകാൽ വഴിവണ്ടിത്തടം വരെ എട്ടുകിലോമീറ്റർ ദൂരം കൊടിമരം നശിപ്പിച്ചതെന്ന് പ്രതി സമ്മതിച്ചെന്ന് പൊലീസ് പറഞ്ഞു. സംഭവത്തിന് ശേഷം ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ഒളിവിൽ കഴിഞ്ഞ ഇയാളെ കഴിഞ്ഞ ദിവസം നാട്ടിലെത്താനുള്ള ശ്രമത്തിനിടെ പൊലീസ് പിടികൂടുകയായിരുന്നു. ആനാവൂർ സ്കൂളിലെ വിദ്യാർത്ഥിയായിരുന്ന ബുദ്ധനെയും കൂട്ടാളികളായ മയക്കരുന്നും മദ്യവും ഉപയോഗിക്കുന്നതിൽ നിന്നു വിലക്കിയതോടെയാണ് അദ്ധ്യാപകരോടും സ്കൂളിനോടും ഇവർക്ക് കടുത്ത പകയുണ്ടായത്.

തുടർന്ന് ഇയാളെയും മറ്റു സുഹൃത്തുക്കളെയും താത്കാലികമായി ക്ലാസിൽ കയറുന്നത് വിലക്കിയിരുന്നു. ഇതിൽ പ്രതിഷേധിച്ച് പിതാവ് ഗാന്ധിയൻ ബാബുവിന്റെ നേതൃത്വത്വത്തിൽ സ്കൂളിന് മുന്നിൽ കുടിൽകെട്ടി സമരം നടത്തി. പൊലീസിന്റെയും നാട്ടുകാരുടെയും ഇടപെടലിൽ സമരം അവസാനിപ്പിച്ചു. എന്നാൽ കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങിയ ബുദ്ധൻ കൂട്ടുകാർക്കൊപ്പം സ്കൂൾ ആക്രമിക്കാൻ പദ്ധതിയിട്ടുകയായിരുന്നു.

ഇതിനിടെ ഒരുതവണ സ്കൂൾ ആക്രമിക്കാൻ ശ്രമിച്ചെങ്കിലും വിദ്യാർത്ഥികൾ പ്രതിഷേധിച്ചതോടെ തിരികെപ്പോയി. പിന്നീട് ദിവസങ്ങൾക്ക് ശേഷമാണ് സ്കൂളിലെ സുഹൃത്തുക്കൾക്കൊപ്പം സ്കൂൾ ആക്രമിക്കാനെത്തിയത്. മയക്കുമരുന്ന് കേസിലും പോസ്കോ കേസിലും ഇയാൾ ഉൾപ്പെട്ടിട്ടുള്ളതായി മാരായമുട്ടം പൊലീസ് പറഞ്ഞു.

മാരായമുട്ടം എസ്.ഐ എം. ആർ. മൃദുൽ കുമാറിന്റെ നേതൃത്വത്തിൽ എ.എസ്.ഐ ഗ്ലിസ്റ്റൻ പ്രകാശ്, സീനിയർ സി.പി.ഒ സനൽകുമാർ, ക്രിസ്റ്റഫർ ജോസ് എന്നിവർ ചേർന്നാണ്ഇയാളെ അറസ്റ്റുചെയ്തത്. ബുദ്ധനെ ഇന്ന് കോടതിയിൽ ഹാജരാക്കും.

വീടുകൾക്ക് നേരെ ആക്രമണം; മൂന്ന് പേർ അറസ്റ്റിൽ

കാട്ടാക്കട. പൂവച്ചലിൽ കോൺഗ്രസ്പ്രവർത്തകരുടെ വീട്ടുകൾക്ക് നേരെ ആക്രമണം നടത്തിയ മൂന്ന് പേരെ പൊലീസ് അറസ്റ്റ് ചെയ്തു. കാപ്പിക്കാട് സ്വദേശി സജു, കാക്കമുകൾ സ്വദേശി പ്രശാന്ത്, കാണവിള സ്വദേശി ഉമേഷ് എന്നിവരാണ് അറസ്റ്റിലായത്. ഇന്നലെ രാത്രിയോടെ പ്രതികളെ കോടതിയിൽ ഹാജരാക്കി.

നാലു വയസുകാരിയെ പീഡിപ്പിച്ചയാൾ അറസ്റ്റിൽ

കല്ലമ്പലം : നാല് വയസുകാരിയെ പീഡിപ്പിച്ച ആട്ടോറിക്ഷാ ഡ്രൈവർ അറസ്റ്റിലായി. ഒറ്റൂർ വില്ലേജിൽ മൂഴിയിൽ ക്ഷേത്രത്തിന് സമീപം ട്വിങ്കിൾ നിവാസിൽ ടിന്റുവാണ് (33) അറസ്റ്റിലായത്.സ്കൂളിൽകൊണ്ടുപോവുകയാണെന്ന വ്യാജേന ആട്ടോറിക്ഷയിൽ കയറ്റിക്കൊണ്ടുപോയ ശേഷം കിന്റർജോയ്മിഠായി വാങ്ങിക്കൊടുക്കുകയും ഇയാളുടെ വീട്ടിൽ കൊണ്ടുപോയി പീഡിപ്പിക്കുകയുമായിരുന്നു. കല്ലമ്പലം സബ് ഇൻസ്പെക്ടർ അഭിലാഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ പിടികൂടിയത്.

മൂക്കുന്നിമലയിൽ തീപിടിത്തം

നരുവാമൂട്: മൂക്കുന്നിമലയിൽ കാടിന് തീപിടിച്ച് മരങ്ങൾ കത്തിനശിച്ചു. ഇന്നലെ വൈകിട്ട് 3.30 ന് ഇടമല ഭാഗത്ത് ഉണ്ടായ തീപിടിത്തത്തിലാണ് അഞ്ച് ഏക്കറോളം കാട് കത്തിയത്. നരുവാമൂട് പൊലീസും അഗ്നിശമന സേനാവിഭാഗവും ചേർന്ന് 3 മണിക്കൂറിലധികം പണിപ്പെട്ടാണ് തീ അണച്ചത്.

മറ്റ് അപകടങ്ങളൊന്നുമുണ്ടായില്ലെന്ന് നരുവാമൂട് എസ്.ഐ പ്രസാദ് പറഞ്ഞു.

നെയ്യാറ്റിൻകര, കാട്ടാക്കട, ചെങ്കൽച്ചൂള യൂണിറ്റുകളിൽ നിന്നുമെത്തിയ അഗ്നിശമനസേനയുടെ വാഹനങ്ങളാണ് തീ അണച്ചത്.

ലാ അക്കാഡമിയിൽ എസ്.എഫ്.ഐ-എ.ബി.വി.പി സംഘർഷം

തിരുവനന്തപുരം: ലാ അക്കാഡമിയിൽ എസ്.എഫ്.ഐ - എ.ബി.വി.പി പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷത്തിൽ രണ്ട് എസ്.എഫ്.ഐ പ്രവർത്തകർക്കും ഒരു എ.ബി.വി.പി പ്രവർത്തകനും പരിക്കേറ്റു.

എ.ബി.വി.പി പ്രവർത്തകൻ എസ്. എഫ്.ഐ അംഗത്വമെടുത്തതും എസ്.എഫ്.ഐ പ്രവർത്തകൻ എ.ബി.വി.പിയിൽ അംഗത്വമെടുത്തതുമായി ബന്ധപ്പെട്ട തർക്കമാണ് ചൊവ്വാഴ്ച വിദ്യാർത്ഥി സംഘർഷത്തിൽ കലാശിച്ചതെന്ന് പേരൂർക്കട പൊലീസ് പറഞ്ഞു.

പരിക്കേറ്റ വിദ്യാർത്ഥികളെ മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചു. ആരുടെയും പരിക്ക് ഗുരുതരമല്ലെന്നും എസ്.എഫ്.ഐ പ്രവർത്തകരുടെ പരാതിയിൽ എ.ബി.വി.പി ക്കാർക്കെതിരെയും എ.ബി.വി.പി പ്രവർത്തകരുടെ പരാതിയിൽ എസ്.എഫ്.ഐക്കാർക്കെതിരെയും കേസെടുത്തതായും പൊലീസ് അറിയിച്ചു. എ.ബി.വി.പി പ്രവർത്തകരായ നന്ദൻ, ശേഖർ, വ്യാസ്, വിഷ്ണു, അരുൺ എന്നിവർക്ക് പുറമെ കണ്ടാലറിയാവുന്ന 15 പേർക്കെതിരെയും എസ്.എഫ്ഐപ്രവർത്തകരായഅജ്മൽ, സുബിൻ ചാക്കോ, പൃഥ്വിരാജ്, അഖി ആനന്ദ്, ഗോവിന്ദ്, അഷ്വ സുരേഷ്, അലൻ, അമൽ മഹേഷ്, ശിവ, അജയ്, വിഷ്ണു എന്നിവർക്ക് പുറമെ കണ്ടാലറിയാവുന്ന 10 പേർക്കെതിരെയുമാണ് കേസ്.

മാർത്താണ്ഡത്ത് ആക്രിക്കട ഗോഡൗണിൽ വൻ തീപിടിത്തം

കുഴിത്തുറ: കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡത്ത് ആക്രിക്കട ഗോഡൗണിൽ വൻ തീപിടിത്തം. മാർത്താണ്ഡം പൊലീസ് സ്റ്റേഷന് സമീപത്തെ മുഹമ്മദ് അലിയുടെ ആക്രിക്കട ഗോഡൗണിലാണ് അപകടം.

ഇന്നലെരാവിലെ 10ഓടെയാണ് സംഭവം. കെട്ടിടത്തിൽ നിന്നു പുക ഉയരുന്നത് ശ്രദ്ധയിൽപ്പെട്ട നാട്ടുകാർകുഴിത്തുറഫയർഫോഴ്സിനെ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന്കുഴിത്തുറഫയർഫോഴ്സ്യൂണിറ്റിലെഉദ്യോഗസ്ഥരുംമാർത്താണ്ഡം പൊലീസും തീഅണയ്ക്കാൻ ശ്രമിച്ചെങ്കിലും തീ ആളിക്കത്തുകയായിരുന്നു. തീ പിടിച്ച ഉടനേ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ വൈദ്യുതി ബന്ധം വിച്ഛേദിച്ചു. ഇതിന് ശേഷം കലശേഖരം, തക്കലഫയർഫോഴ്സിന്റെസഹായം തേടി. ഇവരുടെയും സഹായത്തോടെ മൂന്ന് മണിക്കൂറിന് ശേഷമാണ് തീ പൂർണമായും കെട്ടത്താനായത്.

ഗോഡൗൺ പൂർണമായും കത്തിനശിച്ചു. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായെന്ന് ആക്രിക്കട ഉടമ പറഞ്ഞു. സമീപത്തെ 10ഓളം തെങ്ങുകളും കത്തിനശിച്ചു. തീപിടിത്തത്തെക്കുറിച്ച് അന്വേഷണം നടത്തുമെന്ന്മാർത്താണ്ഡം പൊലീസ് അറിയിച്ചു.

അണ്ടൂർക്കോണം പള്ളിയാപറമ്പ് ക്ഷേത്രത്തിലെ തൂക്കം ഇന്ന്

കഴക്കൂട്ടം: ആയിരങ്ങൾ പങ്കെടുക്കുന്ന പ്രസിദ്ധമായ അണ്ടൂർക്കോണം പള്ളിയാപറമ്പ് കീഴർ ഭദ്രകാളി ക്ഷേത്രത്തിലെ ഗരുഡൻ തൂക്കം ഇന്ന് വൈകിട്ട് അഞ്ചിന് ആരംഭിക്കും. കതിരുകാള, ശിങ്കാരിമേളം പഞ്ചവാദ്യം, ചെണ്ടമേളം, താലപ്പൊലി എന്നിവയുടെ അകമ്പടിയോടെയാണ് തൂക്കം നടക്കുന്നത്. രാത്രി എട്ടിന് വെളിച്ചപ്പാടിന്റെ അകമ്പടിയോടെ അലങ്കാര തൂക്കം നടക്കും. കേരളത്തിലെ അത്യപൂർവ ദാരുബിംബ പ്രതിഷ്ഠയും പുണ്യപുരാതനവുമായ ഈ ക്ഷേത്രത്തിലെ തൂക്കമഹോത്സവം കാണാൻ നാടിന്റെ നാനാഭാഗത്ത് നിന്ന് ജാതിഭേദമെന്യേ പതിനായിരങ്ങളാണ് എത്തുന്നത്. തൂക്കത്തിന്റെ മൂന്നോടിയായി നാല്ഏക്കറോളം വരുന്ന ക്ഷേത്ര പറമ്പിൽ നൂറുകണക്കിന് പേരാണ് ഒരുദിവസത്തെ കച്ചവടത്തിനായി അണനിരക്കുന്നത്.

ഇന്ന്

ആറ്റുകാൽ ഭഗവതിക്ഷേത്രം

രാവിലെ 8 ന് അകത്തെഴുന്നള്ളിപ്പ്
9.45 ന് ഉഷശ്രീബലി
10.15 ന് പന്തീരടി പൂജ
12.30 ന് ഉച്ചശ്രീബലി
രാത്രി 7.15 ന് ഭഗവതിസേവ
9.15 ന് കാപ്പഴിപ്പ്
12.15 ന് കുരുതിതർപ്പണം

കേരളകൗമുദി അങ്കണം : കേരള മീഡിയ അക്കാഡമി -പത്രപ്രവർത്തക യൂണിയൻ മാദ്ധ്യമ ചരിത്രയാത്ര ഉദ്ഘാടനം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ -3ന്.

താജ് വിവാന്ത: തിരുവനന്തപുരം മാനേജ്മെന്റ് അസോസിയേഷന്റെ വാർഷിക സമ്മേളനമായ 'ടിമ 2019' ഉദ്ഘാടനം. ഗവർണർ പി. സദാശിവം- 6.30ന്.

ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ ഹാൾ തമ്പാനൂർ : ട്രാൻസ്പോർട്ട് റിട്ടയേർഡ് ഓഫീസേഴ്സ് ഫോറം സംസ്ഥാന സമ്മേളനം: മന്ത്രി കടകംപള്ളി സുരേന്ദ്രൻ-10ന്.

ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രം കിഴക്കേനട : സ്വാമി ദ്വർഗാനന്ദ സരസ്വതിയുടെ രമണവിദ്യാ സത്സംഗം-6.15ന്.

തൈക്കാട് ഗണേശം : ഞാൻ മേരിക്കുട്ടി സിനിമ പ്രദർശനം : 6.45ന്.

വട്ടിയൂർക്കാവ്ആട്ടോഡ്രൈവേഴ്സ് സാംസ്കാരിക സമിതി : സിൽവർ ജൂബിലി ആഘോഷം.

മൈനർ നിലംപൂളിങ്ങൽ ശ്രീധർമ്മ ശാസ്താക്ഷേത്രം : താലപ്പൊലിയോടുള്ള എഴുന്നള്ളത്ത്- 6ന്.

പേരാപ്പുര് ദേവി ക്ഷേത്രം : മകം മഹോത്സവം- 7ന്.

കോട്ടയ്ക്കകം അഭേദാശ്രമം : പ്രൊഫ.ചെങ്കൽ സുധാകരന്റെ ഗർഭഗാവത പ്രഭാഷണം-5.15ന്.

മാരുളം ശ്രീപരാശക്തി ക്ഷേത്രം : പൂരം മഹോത്സവം-5ന്.

സിനിമ

■ന്യൂ (2323244) :: ■SCREEN 1 - ORU ADAAR LOVE (M- 11.15, 2.30,).9 (M-6.15,9.30)
■SCREEN 2 -9 (M-11.15,2.30)
■SCREEN 3 - JUNE (M-11.15,2.30,6.15, 9.30)
■ശ്രീകുമാർ (2331222) :: PETTA (T- 11.15, 2.30) ODIYAN (M- 6.15, 9.30)
■ശ്രീവിശാഖ് (2331222) :: ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 11.15), JUNE (M- 2.30,6.15,9.30) IRUPATHAM NOOTAND (M-9.30)
■ശ്രീപത്മനാഭ (2473999) :: ORU ADAAR LOVE (M- 11.00,2.30,6.00,9.30)
■ദേവിപ്രിയ (2473999) :: DEV (T-11.00, 2.30,6.00,9.30)
■അജന്ത (2472825) :: കുംബളങ്ങി നൈറ്റ്സ് (M- 11.30,2.30,6.30,9.45) (T- 11.30,2.30,6.30) VANTHA RAJAVATHAAN VARUVEN (T- 9.45)
■കൃപ :: GULLY BOY (H-12.00,3.30,7.00, 10.30)
■കലാഭവൻ : കുംബളങ്ങിനൈറ്റ്സ് (M - 11.15,2.30,6.15,9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30,2.30,6.30,9.30)
■കൈരളി (2332747) :: KANTHARAM (M- 11.30) ഞാൻ പ്രകാശൻ (M-2.30) DEV (T-6.15,9.30)
■ശ്രീ (2332747) :: കുംബളങ്ങിനൈറ്റ്സ് (M- 11.15, 2.30,6.15,9.30)
■നിള(2332747) :: ഇലകൾപച്ച പൂക്കൾ മഞ്ഞ (M- 11.30) വിജയ് സൂഷറും പൗർണമിയും (M-2.30) അള്ള് രാമേന്ദ്രൻ (M- 6.15, 9.30)
■ധന്യ (2476773) :: JUNE (M- 11.15, 2.30 ,6.15,9.30)
■രമ്യ (2476773) :: DEV (T- 11.15,2.30, 6.15,9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 8.00pm, 11.30am, 3.00pm, 6.45pm, 10.30pm)
■Audi2- KGF (T- 10.20am) പേട്ട (M-1.20pm, 10.40pm) THACKERAY (H- 4.50pm) ഞാൻ പ്രകാശൻ (M- 7.50)
■Audi3- SIMBA (T- 11.00am) SPIDERMAN : INTO THE SPIDER VERSE (E- 2.00pm) AQUAMAN (E- 4.20pm) മിഖായേൽ (M- 7.20pm) വിശ്വാസം (T- 10.30pm)
■Audi 4 - CHARLIE CHAPLIN 2 (T- 10.45am, 10.30pm) മിഖായേൽ (M- 1.20pm) പന്ത് (M-4.40pm) പ്രാണ (M- 7.45pm)
■Audi 5- URI (H- 10.30am, 4.30pm, 7.30pm) MANIKARNIKA (H- 1.20pm, 10.30pm)
■Audi 6- വിജയ് സൂഷറും പൗർണമിയും (M- 10.30, 1.30, 7.30, 10.30pm) KGF (T-4.20pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: ORU ADAAR LOVE (M-9.30) JUNE (M-12.30,3.00,6.15)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: DEV (T- 11.15, 2.30,6.15,9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളം കൊച്ചുണ്ണി (M- 11.15,2.30,6.15,9.30)
■screen 2 : 96 (T- 11.30,2.30,6.30,9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 11.15, 2.30,6.15,9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഞാൻ പ്രകാശൻ (M- 11.15,2.15,6.15,9.15)
■ആറ്റിങ്ങൽ യമുന (2629973):: KGF (T- 11.15,2.15,6.15,9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15,2.30,6.15,9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: ജനാധിപൻ (M- 11.15,2.15), ജോസഫ് (M-6.15,9.15)
■ആറ്റിങ്ങൽ തപസ്യ (3291113) :: 9 (M- 11.00,2.45,6.30,9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920):: DHILLUKU DHUDDU -2 (T-11.15, 3.00,6.30,9.45)
■വർക്കല എസ്.ആർ (0470 2602339) :: വിജയ് സൂഷറും പൗർണമിയും (M- 11.00, 2.00,6.30,9.30)
■വർക്കല വിമല (9895233785) :: KUMBALANGI NIGHTS (M-11.00,2.30, 6.30,9.30)
■വർക്കല സ്റ്റാർ സിനിമ (2602344) :: ORU ADAAR LOVE (M- 11.00,2.30,6.15,9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00,6.30,9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00,2.30,6.15,9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00,2.30,6.15,9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259):: DEV (T- 11.00,2.30, 9.30),9 (M- 6.00)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: ORU ADAAR LOVE (M- 11.00,2.30,6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : കുംബളങ്ങിനൈറ്റ്സ് (M-11.0, 2.30,6.30, 9.30)
■screen 2 : JUNE (M- 11.00,2.15,6.15,9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30,6.30,9.30)
■കളിയിക്കാവിള ശ്രീകാളിശ്വരി (0471-2200073,0471-2200174)::
■Audi 1- ഗജനികാന്ത് (M- 11.30,2.30,6.15, 9.30)
■Audi2- ഇബിലീസ് (M-11.00,2.30,6.15, 9.30)
■Audi3- KARWAAN (H-11.00,2.30,6.15,9.30)
■Audi4- കൂടെ (M- 11.00,2.30,6.15,9.30)
■Audi5- JUNGA (T- 11.00,2.30) ഒരുപഴയ ബോംബ് കഥ (M- 6.15,9.30)
■കളിയിക്കാവിള തമിൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15) അച്ചം എമ്പത് മടമയ്യട (T-11.00,9.15)
■നെയ്യാറ്റിൻകര ശ്രീദ:: പഞ്ചവർണതത്ത (M- 2.30,6.30,9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- കുംബളങ്ങിനൈറ്റ്സ് (M- 11.15, 2.30,6.15,9.30)
■Tela 2- JUNE (M-11.00,6.30,9.45) 9 (M- 2.15)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555,9447060600):: ORU ADAAR LOVE (M- 11.15,2.30,6.15,9.30)
■വെഞ്ഞാറമൂട് സിന്ധു (9746159088):: ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 11.30, 2.30,6.30,9.30)
■കാട്ടാക്കട ജയവിനായക (2290867):: ■screen 1 - ആട് -2 (M-11.00,2.15,6.15,9.15)
■screen 2- വേലൈക്കാരൻ (T- 11.15,2.30, 6.30,9.30)
■കള്ളിക്കാട് ദീപ (9447553618):: അച്ചായൻസ് (M- 6.30,9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് യമുനലക്ഷ്മി (9895614787) :: DEV (T-11.00,2.30,6.30,9.30)
■പേയാട് എസ്.പി സിനിമ (0471-2289053) :: കുംബളങ്ങിനൈറ്റ്സ് (M- 11.00,2.30, 6.15,9.15)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30,6.30)
■പടന്താലുംമൂട് IMP :: DEV (T-11.00, 2.30,6.30,9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - ORU ADAAR LOVE (M-11.00,2.00, 6.00,9.00)
■ലയം - DEV (T- 11.15, 2.15,9.15) 9 (M-6.15)

ദക്ഷിണ റെയിൽവേ

ദർഘാസ്നം.V/C.210/TH/P/VOL.IV/2013 തീയതി19.01.2019

കാഞ്ഞിരമറ്റം, ഇടവ, ചെറിയനാട്, ചൊവ്വര,കുമരനല്ലൂർ റെയിൽവേസ്റ്റേഷനുകളിൽ കക്കീഷൻ അടിസ്ഥാനത്തിൽ അഞ്ചു വർഷത്തേക്ക് ഹാൾട്ട് ഏജന്റുമാരായി നിയമിക്കുന്നതിന് ഡിവിഷണൽ റെയിൽവേ മാനേജർ (കൊമേഴ്സ്യൽ), ദക്ഷിണ റെയിൽവേ, തിരുവനന്തപുരം-14 അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകർ 10-ാം സ്റ്റാന്റേർഡ് പാസ്സായിരിക്കേണ്ടതും സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ സ്ഥിരതാമസക്കാരനായിരിക്കേണ്ടതുമാണ്. അപേക്ഷാഫോറം സീനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ, ദക്ഷിണ റെയിൽവേ, തൈക്കാട്പി.ഒ, തിരുവനന്തപുരം-14 ന്റെ ഓഫീസിൽ നിന്ന് 19.02.2019 മുതൽ 22.03.2019 വരെ പ്രവൃത്തി ദിവസങ്ങളിൽ 10.00 മണിക്കും 17.00 മണിക്കും ഇടയ്ക്ക് ലഭിക്കുന്നതാണ്. അപേക്ഷകൾ (സ്റ്റേഷന്റെ പേര്) ട്രെയിൻ ഹാൾട്ട് എന്ന് കവറിനു പുറത്തെഴുതി സീനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ, ദക്ഷിണ റെയിൽവേ, തൈക്കാട് പി.ഒ, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ 22.03.2019 ന് മുൻപ് ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷ ഫോം www.sr.indianrailways.gov.in. എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ് 22.03.2019 നുശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

സീനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ തിരുവനന്തപുരം.14

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ഓഫീസ്, കണിയാപുരം പി.ഒ., തിരുവനന്തപുരം. പിൻ - 695 301, ഫോൺ : (0471) 2750251. e-mailadrkmgp@gmail.com

വിൻഡോപരസ്യം

നം. AE/LSGD/ANDKM/18 - 19 തീയതി : 19.02.2019

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് 2018 - 19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 3 നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ പരസ്യം (G98570/2019) www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം 27.02.2019, 12 p.m.

(ഒപ്പ്) അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. സെക്ഷൻ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്.

ടെൻഡർ പരസ്യം

വെള്ളറട ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ (എൽ.എസ്.ജി.ഡി), എച്ച്.എം നിർവ്വഹണം നടത്തുന്ന 2018-19 സാമ്പത്തിക വർഷത്തേക്കുള്ള വിവിധ വർക്കുകൾക്കായുള്ള ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ www.tender.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ G98578/2019, G98713/2019 എന്നീ വിന്റോ നമ്പരിലും പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാണ്

ഫോൺ - 04712242042

കേനറാ ബാങ്ക് Canara Bank (A Govt. of India Undertaking)

കാട്ടാക്കട ശാഖ
K P III/1198, ഒന്നാം നില, ചാരിസ് പ്ലാസ, നെയ്യാറ്റിൻകര റോഡ്, കാട്ടാക്കട - 695 572.
ഫോൺ : 0471-2290855

കരസ്ഥപ്പെടുത്തൽ നോട്ടീസ് (സ്ഥാവര വസ്തുവിന്മേൽ)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 (ആക്ട് 54 ഓഫ് 2002) പ്രകാരം അധികാരം കിട്ടിയിട്ടുള്ള കനറാ ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) ആക്ട് 2002 സെക്ഷൻ 13 (12) 8 റൂൾ 3 പ്രകാരം വായ്പാക്കാരനായ **ശ്രീ. മണിക്കുട്ടൻ. ആർ,** താമസം ഹൗസ് നമ്പർ : XIII/635, ഉറുമ വിളാകത്ത് പുത്തൻ വീട്, മംഗലയ്ക്കൽ, അമ്പലത്തിൻകാല പി. ഒ., എന്നയാൾ **രൂപ 53,01,810.04 (അമ്പത്തിമൂന്ന് ലക്ഷത്തി ആയിരത്തി എണ്ണൂറ്റി പത്ത് രൂപമാല് പൈസ മാത്രം)** യും 9റ്റ് ചിലവുകളും സഹിതം 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **28.11.2018 ൽ** അയച്ചിട്ടുള്ളതാണ്.

എന്നാൽ വായ്പാക്കാരൻ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽഭാഗത്തെ ആക്ടിലെ സെക്ഷൻ 13(4) റൂൾ 8 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുവകകൾ **2019 ഫെബ്രുവരി 16** - ാം തീയതി കരസ്ഥപ്പെടുത്തിയിരിക്കുന്നതായി ടി വായ്പാക്കാരനെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

സെക്ഷൻ 13(8) വകുപ്പ് പ്രകാരം വായ്പാക്കാർക്ക് ഈടു വസ്തു തി